**'ഭരണഭാഷ – മാതൃഭാഷ'**

എക്സൈസ് കമ്മീഷണറേറ്റ്,
തിരുവനന്തപുരം
ഫോൺ – 0471– 2322632
E-mail : eckerala.exc@kerala.gov.in

നമ്പർ.സി.എ/ഇ.സി– 29/2019

തീയതി : 26.03.2019

പ്രേക്ഷകൻ

എക്സൈസ് കമ്മീഷണർ
തിരുവനന്തപുരം.

ഗ്രാഹകൻ

എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും.

സർ,

വിഷയം :എക്സൈസ് എൻഫോഴ്സ്മെന്റ് – ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ക്രൈം കോൺഫറൻസ് – നടത്തുന്നത്– സംബന്ധിച്ച്.

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ മാസത്തിൽ ഒരു പ്രാവശ്യം മാത്രം മാസാവലോകന ക്രൈം കോൺഫറൻസ് നടത്തേണ്ടതുള്ളൂ. 15 ദിവസം കൂടുമ്പോഴുള്ള ദ്വൈവാരാവലോകന മീറ്റിംഗ് ഇനി മുതൽ നടത്തേണ്ടതില്ല. കമ്മീഷണറേറ്റിൽ നിന്നും മാസാവലോകന ക്രൈം കോൺഫറൻസിൽ ലഭിക്കുന്ന നിർദ്ദേശങ്ങൾ രേഖാമൂലം ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. മാസാവലോകന മീറ്റിംഗിൽ എക്സൈസ് ഇൻസ്പെക്ടർ മുതൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർവരെയുള്ള ഉദ്യോഗസ്ഥർ മാത്രം പങ്കെടുക്കേണ്ടതാണ്. മീറ്റിംഗ് അവസാനിച്ചുകഴിഞ്ഞാൽ എല്ലാ ഉദ്യോഗസ്ഥരും അവരവരുടെ ഓഫീസുകളിൽ മടങ്ങിയെത്തിയ വിവരവും തുടർന്ന് ഡ്യൂട്ടിക്ക് പോകുന്ന വിവരവും ജി.ഡി.യിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. പൊതുഅവധി ദിവസത്തിന് മുന്നിലോ പിന്നിലോ വരുന്ന ദിവസങ്ങളിൽ മാസാവ ലോകന മീറ്റിംഗ് നടത്തുവാൻ പാടില്ല. എക്സൈസ് സർക്കിൾ ഇൻസ്പെക്ടമാർ മാസാവലോകന മീറ്റിംഗിൽ പങ്കെടുക്കുവാൻ പോകുമ്പോൾ ഔദ്യോഗിക വാഹന ത്തിൽ അവരവരുടെ എക്സൈസ് ഇൻസ്പെക്ടർമാരെകൂടി കൊണ്ടുപോകേ ണ്ടതാണ്.

വിശ്വസ്തതയോടെ,

എക്സൈസ് കമ്മീഷണർ

പകർപ്പ്

1) അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2) എല്ലാ മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും
3) ജോയിന്റ് എക്സൈസ് കമ്മീഷണർ, ഇ.ഐ.& ഐ.ബി.
4) എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും.
5) എല്ലാ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർക്കും
6) എല്ലാ എക്സൈസ് ഇൻസ്പെക്ടർമാർക്കും.